**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 154** **13-09-2023 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് പദ്ധതിയിലൂടെ 2022-23 സാമ്പത്തിക വർഷം വരെ എത്ര വീടുകൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടത്; വിശദമാക്കുമോ; | (എ) | ലൈഫ് ഭവനപദ്ധതിയുടെ അർഹതാ മാനദണ്ഡ പ്രകാരം 2017-ൽ തയ്യാറാക്കിയ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്തൃ പട്ടികയിലെ അർ ഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണാനുകൂല്യം ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിൻപ്രകാരം ടി ഗുണഭോക്തൃ പട്ടികയിലെ അർഹരായ ഗുണഭോക്താക്കളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളുമായി കരാറിലേർപ്പെട്ടിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാ ണാനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. കരാർ വയ്ക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാകാത്തവരും CRZ, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വനാവകാശ സംരക്ഷണ നിയമം എന്നിവയുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾക്കും മതിയായ രേഖകൾ ഹാജരാക്കുവാൻ സാധിക്കാത്തതിനാൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് ഈ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണം ആരംഭിക്കുവാൻ സാധിക്കും.<br><br>കൂടാതെ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ പട്ടികജാതി, പട്ടിക വർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവർക്കും ഭവനം ലഭ്യമാക്കുക, 2021-22 മുതൽ ഒരു സാമ്പത്തിക വർഷം ഒരു ലക്ഷം വീടെന്ന കണക്കിൽ 5 വർഷം കൊണ്ട് 5 ലക്ഷം വീടുകൾ പൂർത്തീകരിക്കുക എന്നിവയും ലക്ഷ്യമിട്ടിരുന്നു. ഇപ്രകാരം ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 31.08.2023 വരെ 349247 കുടുംബങ്ങളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ലൈഫ് പദ്ധതിയിൽ കേന്ദ്ര വിഹിതമായി ലഭ്യമായ | (ബി) | ലൈഫ് ഭവന പദ്ധതി സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | തുകയുടെ വിശദാംശം അറിയിക്കാമോ; | | ആവിഷ്കരിച്ച നടപ്പിലാ ക്കുന്ന ഒരു സമഗ്ര പദ്ധതിയാണ്. ലൈഫ് ഭവന പദ്ധതിയിൽ കേന്ദ്ര വിഹിതം വിനിയോഗിക്കുന്നില്ല.<br><br>ഇതിനു പുറമെ വിവിധ സംസ്ഥാന കേന്ദ്ര ഭവന പദ്ധതികൾ Life പദ്ധതിയുമായി സംയോജിപ്പിച്ച് ലൈഫ് നിരക്കിൽ ആനുകൂല്യം നൽകി നടപ്പിലാക്കുന്നു.<br><br>PMAY നടപ്പിലാക്കുമ്പോൾ PMAY ഗ്രാമീണിൽ (PMAY-G) ഒരു ഗുണഭോക്താവിന് 72,000രൂപയും PMAY അർബനിൽ (PMAY-U) ഒരു ഗുണഭോക്താവിന് 1,50,000രൂപയും കേന്ദ്ര വിഹിതമായി ലഭിക്കുന്നു. ഇത് ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ച് സംസ്ഥാന സർക്കാർ ഭവന നിർമ്മാണത്തിനായി നൽകുന്ന അതേ നിരക്കിൽ തന്നെ ബാക്കി തുക സംസ്ഥാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുംവഹിച്ചാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്.<br><br>PMAY-U കേന്ദ്ര വിഹിതമായി നഗര മേഖലയിൽ 1401.38 കോടി രൂപയും, PMAY-G കേന്ദ്ര വിഹിതമായി ഗ്രാമീണ മേഖലയിൽ 704.38 കോടി രൂപയും ഉൾപ്പെടെ ഇതുവരെ 2105.76 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്. |
| (സി) | സംസ്ഥാന വിഹിതമായി എത്ര തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്; | (സി) | സംസ്ഥാന വിഹിതമായി മാത്രം ഇതുവരെ ആകെ 4044.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന ബജറ്റിൽ നിന്നും ലഭ്യമാക്കിയ തുകയിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി 3429.94 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവർക്ക് സംസ്ഥാന ബജറ്റ് വഴി ലഭിക്കുന്ന തുകയിൽ നിന്നും തിരിച്ചടയ്ക്കുന്ന വായ്പ വിഹിതമായി 4383 കോടി രൂപയും ഉൾപ്പെടെ ആകെ 11857.51 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വായ്പാ തുകയുടെ പലിശ നൽകുന്നത് സംസ്ഥാന സർക്കാരാണ്. 31.08.2023 വരെ 3,49,247 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 1,16,541 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (ഡി) | മറ്റ് സംസ്ഥാനങ്ങളിലെ ഭവന പദ്ധതികളിലുള്ള കേന്ദ്ര സഹായം വിലയിരുത്തിയിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | ലൈഫ് ഗുണഭോക്താക്കൾക്ക് ജീവനോപാധിയും അന്തസ്സുള്ള ജീവിതവും ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | ലൈഫ് ഗുണഭോക്താക്കളെ സർക്കാർ തലത്തിലുള്ള വിവിധ സാമൂഹ്യ ക്ഷേമ, തൊഴിൽദായക സംഘടനാ പ്രവർത്തനങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് സാമൂഹ്യമായ ഇടപെടലുകളിലൂടെ സുരക്ഷിതമായ ഭവനത്തിലേക്കും അതിലൂടെ മികച്ചജീവിതത്തിലേക്കും |

| | | | |
|---|---|---|---|
| | | | എത്തിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു. ലൈഫ് ഗുണഭോക്തൃ കുടുംബത്തിലെ ഓരോ കുടുംബത്തിന്റെയും സാഹചര്യങ്ങളും ആവശ്യങ്ങളും തിരിച്ചറിഞ്ഞുകൊണ്ട് പ്രത്യേക ഇടപെടലുകൾ നടത്തി സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനാവശ്യമായ പരിശീല നങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിനായി വിവിധ വകുപ്പുകൾ/മിഷനുകൾ/സംഘടനകൾ തുടങ്ങിയവരുടെ സേവനങ്ങളും പദ്ധതികളും സംയോജിപ്പിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ദേശീയ നഗര ഉപജീവന മിഷനുമായി സംയോജിച്ച് 968 പേർക്ക് തൊഴിൽ പരിശീലനം നൽകുകയും, ഇതിൽ 410 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു. 347 സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു. മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി/ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനത്തിലൂടെ ഓരോ ലൈഫ് ഗുണഭോക്താവിനും 90 തൊഴിൽ ദിനങ്ങളും ഇതിലൂടെ 27,990 രൂപയുടെ അധിക ധനസഹായവും നൽകി. കൂടാതെ വിവിധ വകുപ്പുകളുമായുള്ള സംയോജന ത്തിലൂടെ പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കി വരുന്നു. ഭവന പൂർത്തീകരണത്തിന് അധിക തുക ആവശ്യമായി വരുന്നപക്ഷം കുടുംബശ്രീ മുഖേന വായ്പ ലഭ്യമാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ